



# Chicago Knanaya Catholic Parish Bulletin

Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153
St. Mary's Parish Unit, 5212 W. Agatite Ave, Chicago, IL 60630
March 23, 2008, Vol. 3, Issue 26
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm


# HAPPY EASTER

# ഈസ്റ്റർ ആശംസകൾ!



"On the first day of the week, Mary of Magdala came to the tomb early in the morning, while it was still dark, and saw the stone removed from the tomb. So she ran and went to Simon Peter and to the other disciple whom Jesus loved, and told them, "They have taken the Lord from the tomb, and we don't know where they put him." So Peter and the other disciple went out and came to the tomb. They both ran, but the other disciple ran faster than Peter and arrived at the tomb first; he bent down and saw the burial cloths there, but did not go in. When Simon Peter arrived after him, he went into the tomb and saw the burial cloths there, and the cloth that had covered his head, not with the burial cloths but rolled up in a separate place. Then the other disciple also went in, the one who had arrived at the tomb first, and he saw and believed. For they did not yet understand the Scripture that he had to rise from the dead." *(Jn 20:1-9)*



## OUR PARISH PILGRIMAGE TO ROME AND HOLY LAND IN OCTOBER 2008

## TO PARTICIPATE IN THE CANONIZATION OF SISTER ALPHONSA

## A SAINT EMERGED FROM SUFFERING AND SERVICE

**Sister Alphonsa Muttathupadathu** (August 19, 1910 – July 28, 1946) is the first Indian woman to be elevated to sainthood. She was beatified by Pope John Paul II in 1986 and decided as a saint by the pope Benedict XVI on March 1, 2008. The official declaration would be on October 12, 2008 as the date was decided at a meeting held in Vatican.

On February 8, 1986, almost 40 years after her death, Pope John Paul II beatified her at Kottayam. On June 1, 2007 Pope Benedict XVI authorized her canonization. She will be the second saint from India. In the 17th century, Saint Gonsalo Garcia, born in Vasai near Mumbai to an Indian mother and Portuguese father in 1556, was also declared a saint.

**Early Life:** Born as Annakkutty in Kudamaloor, a rural village in Kottayam district, Kerala, India, to Joseph and Mary Muttathupadathu. Anna's mother died when she was very young, so her maternal aunt raised her. Anna was educated by her great-uncle Father Joseph Muttathupadathu. When Anna was 3 years old, she contracted eczema and suffered from it for over a year. In 1923 Anna was badly burned on her feet when she fell into a pit of burning chaff. This accident left her permanently disabled. She arrived at the Poor Clares convent at Bharananganam on Pentecost 1927. She received the postulant's veil on August 2, 1928 and took the name **Alphonsa**. On May 19, 1930 she received her religious habit at Bharananganam. On August 11, 1931 she joined the novitiate. She took her permanent vows on August 12, 1936. She taught elementary school, but was often sick and unable to teach.

*(Continued on page 5)*

## PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***

**For a list of all Voluntary Staff, please visit:**
***www.knanayaregion.us/chicago/staff.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass.**
**CHILDREN: Every 2nd and 4th Friday after Holy Mass.**

## RECONCILIATION / CONFESSION

**First Saturdays from 10:00 A.M.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass & 4:00 P.M. at OLV.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**Saturdays after 10:00 A.M. Mass.**

## MEN'S & WOMEN'S MINISTRIES

**Third Saturday after 10:00 A.M. Mass**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass**

## THEOLOGY COURSE

**Third Saturday after 10:00 A.M. Mass**

March 2008

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |
| 30 | 31 | | | | | |

# Schedule of Events

### SATURDAY, MARCH 22, 2008

**ഇടവക പള്ളിയിൽ 9:00ന് ദുഃഖശനി ആചരണം: പുത്തൻ തീ, പുത്തൻ വെള്ളം വെഞ്ചരിപ്പ് (തിരികളും വിശുദ്ധ ജലം കൊണ്ടു പോകുവാൻ ചെറിയ പാത്രവും കൊണ്ടുവരാം) ജ്ഞാനസ്നാന വ്രത നവീകരണം, കുർബാന.** ഉയിർപ്പു തിരുന്നാളിന് ഒരുക്കം.

**ഇടവക പള്ളിയിൽ 7:00 P.M.ന് ഉയിർപ്പിന്റെ തിരുക്കർമ്മങ്ങൾ. തുടർന്നു സ്നേഹവിരുന്ന്**

**സെന്റ് മേരീസ് യൂണിറ്റിനുവേണ്ടി രാത്രി 11:00ന് നൈൽസിലെ 8307 നോർത്ത് ഹാർലം അവന്യൂവിലുള്ള സെന്റ് ജോൺസ് പള്ളിയിൽ ഉയിർപ്പിന്റെ തിരുക്കർമ്മങ്ങൾ.**

### SUNDAY, MARCH 23, 2008

**ഉയിർപ്പു ഞായർ** രാവിലെ 10:00 ന് ഇടവക പള്ളിയിൽ ദിവ്യബലി.

### THURSDAY, MARCH 27, 2008

Holy Mass, Novena and Benediction at Community Center at 7:00 P.M.

### FRIDAY, MARCH 28, 2008

Mass and **Adoration for children** at 7:00 P.M.

### SATURDAY, MARCH 29, 2008

Mass & Novena at 10:00 A.M.

### SUNDAY, MARCH 30, 2008

Religious Education classes and Malayalam Holy Mass at 10:00 A.M.
Youth Mass in Malayalam at 11:30 A.M.

Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M

### THURSDAY, APRIL 3, 2008

Holy Mass, Novena and Benediction at Community Center at 7:00 P.M.

### FRIDAY, APRIL 4, 2008

Mass and **Adoration** at 7:00 P.M.
**Volunteers meeting after the Mass**

### SATURDAY, APRIL 5, 2008

Mass & Novena at 10:00 A.M.
**Confession from 10:00 A.M.**

### SUNDAY, APRIL 6, 2008

Religious Education classes and Malayalam Holy Mass at 10:00 A.M.
Youth Mass in Malayalam at 11:30 A.M.

Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

### THURSDAY, APRIL 10, 2008

Holy Mass, Novena and Benediction at Community Center at 7:00 P.M.

### FRIDAY, APRIL 12, 2008

**Marriage Preparation Course starts at 6:30 P.M. to 9:30 P.M.**
Mass and **Adoration for children** at 7:00 P.M.

### SATURDAY, APRIL 5, 2008

**Marriage Preparation Course continues from 9:00 A.M. to 5:00 P.M.**
Mass & Novena at 10:00 A.M.



# വികാരിയുടെ സന്ദേശം

## അസ്ഥിക്കഷണങ്ങൾ സൈന്യമായി മാറിയ ദർശനം

എന്റെ പ്രിയ സഹോദരങ്ങളേ,

അടിമത്വത്തിലും നിരാശയിലും കഴിഞ്ഞിരുന്ന ഇസ്രായേൽ ജനത്തിനു പ്രത്യാശ പകർന്ന ദർശനം എസക്കിയേൽ പ്രവാചകനുണ്ടായത് ബൈബിളിൽ എസക്കിയേലിന്റെ പുസ്തകം, അദ്ധ്യായം 37ൽ വിവരിക്കുന്നുണ്ട്. ശത്രു സൈന്യവുമായുണ്ടായ യുദ്ധത്തിൽ മരിച്ച ഇസ്രായേൽ പടയാളികളുടെ അസ്ഥികൾ നിറഞ്ഞ താഴ്‌വരയിലേയ്ക്ക് ദൈവാത്മാവ് എസക്കിയെലിനെ നയിച്ചു. ആ അസ്ഥി കൂമ്പാരങ്ങൾക്കു ചുറ്റിലും നടക്കുവാൻ ദൈവം പ്രവാചകനോടു നിർദ്ദേശിച്ചു. തുടർന്ന് അവയോടു പ്രവചിക്കുവാൻ ദൈവം അദ്ദേഹത്തോട് ആവശ്യപ്പെട്ടു. പ്രവാചകൻ അപ്രകാരം ചെയ്തപ്പോൾ അസ്ഥികൾ ഒന്നു മറ്റൊന്നിനോടു ചേർന്ന് മനുഷ്യരുടെ അസ്ഥി പഞ്ജരങ്ങളായി. അവയുടെമേൽ മാംസവും തൊലിയും വന്നു മൂടി. അവ ശവങ്ങളായി കിടന്നു. വീണ്ടും ദൈവ കല്പന പ്രകാരം കാറ്റിനോടു നാലു ദിക്കിലും നിന്ന് ഊതുവാൻ പ്രവാചകൻ കല്പിച്ചപ്പോൾ ആ ശവങ്ങളുടെമേൽ കാറ്റൂതി. അവയ്ക്കു ജീവൻ വച്ച് യുദ്ധ സന്നദ്ധമായ സൈന്യമായി മാറി.

ഈ ദർശനത്തെത്തുടർന്ന് ദൈവം എസക്കിയേൽ പ്രവാചകനോടു പറഞ്ഞു: "ഈ അസ്ഥികൾ ഇസ്രായേലിന്റെ പ്രതീകമാണ്. വിദേശികളുടെ അടിമത്വത്തിൽ കഴിയുന്ന അവരെ ഞാൻ നിരാശയുടെ പടുകുഴിയിൽനിന്ന് ഉയിർത്തെഴുന്നേല്പിക്കും. അവരിൽ ഞാൻ ആത്മാവിനെ നിറയ്ക്കുകയും സ്വന്തം നാട്ടിലേയ്ക്കു നയിക്കുകയും ചെയ്യും."

എസക്കിയേലിന്റെ കാലത്തു മാത്രമല്ല, അതിനു മുമ്പും പിൻപും ഇത്തരം വിമോചനത്തിന്റെ അനുഭവം ഇസ്രായേൽ ജനത്തിന് ഉണ്ടായിട്ടുണ്ട്. അവയിൽ ഏറ്റം പ്രധാനമാണ് നാമിപ്പോൾ ആഘോഷിക്കുന്ന ക്രിസ്തുവിന്റെ പുന:രുദ്ധാനം. സ്വയം നീതിമാന്മാരായി ചമഞ്ഞ് പാവപ്പെട്ടവരെയും പാപികളെയും ദുർബലരെയും അടിച്ചമർത്തുകയും ചൂഷണം ചെയ്യുകയും ചെയ്തിരുന്ന ഇസ്രായേലിലെ പ്രമാണിമാരുടെ അടിമത്വത്തിൽനിന്ന് ദൈവജനത്തെ സ്വതന്ത്രരാക്കി സഭയാകുന്ന പുതിയ ദൈവരാജ്യത്തിനു വഴിതെളിച്ച, തിന്മയുടെമേൽ നന്മ വിജയം വരിച്ച തിരുന്നാളാണ് ഈസ്റ്റർ. അതിന്റെ യഥാർത്ഥ സന്തോഷം നാം അനുഭവിക്കേണ്ടത് മറ്റുള്ളവരുടെ വിമോചനത്തിനായി നന്മചെയ്ത് തിന്മയിൽനിന്നു ഉത്ഥിതരായിക്കൊണ്ടാണ്.

നിഷ്കളങ്കനായ ഈശോയെ കുറ്റം വിധിച്ചു പീഡിപ്പിച്ച് കുരിശിലേറ്റിയവരെപ്പോലെ നിരപരാധികളെ കുറ്റം വിധിക്കുവാനും പീഡിപ്പിക്കുവാനും നമുക്കും പ്രലോഭനമുണ്ടാകാം. ഉത്ഥാനം നേരിൽ ദർശിച്ച പടയാളികളെപ്പോലെ മറ്റുള്ളവരുടെ പ്രേരണകെണിയിൽ വീണ് സത്യത്തെ മൂടി വച്ച് കള്ളം പറഞ്ഞു പരത്തുവാൻ നമുക്കും പ്രലോഭനമുണ്ടാകാം. അവയിൽനിന്നെല്ലാം വിമോചിതരായാലേ ഈസ്റ്ററിന്റെ സന്തോഷം നമുക്കും അനുഭവിക്കാനാവൂ.

എസക്കിയേലിന്റെ ദർശനവും മിശിഹായുടെ ഉത്ഥാനവും ജീവിതത്തെ പ്രത്യാശയോടെ വീക്ഷിക്കുവാൻ നമ്മെ സഹായിക്കുന്നു. പഴയനിയമത്തിലെ ഇസ്രായേലിന്റെ പിൻതലമുറക്കാരിൽ ചെറിയ ശിഖരമായ ക്നാനായക്കാരും വടക്കേ അമേരിക്കയിൽ ഇന്നു നിരാശയിലാണ്. ഐക്യത്തിനും വംശശുദ്ധിയുടെ നിലനില്പിനും സ്വന്തം സഭാ സംവിധാനത്തിനുംവേണ്ടി പ്രാദേശിക-ദേശീയ തലങ്ങളിൽ നാം വെമ്പൽ കൊള്ളുന്നു. പ്രതികൂല കാലാവസ്ഥ എന്നു മാറുമെന്നു പറയാനാവില്ല. എങ്കിലും അവ ശാശ്വതമല്ലെന്ന ബോദ്ധ്യത്തിൽ പ്രത്യാശയോടെ ലക്ഷ്യത്തിലേയ്ക്കു കുതിയ്ക്കുവാനും അതിന്റെ പാതയിൽ വരുന്ന കുരിശുകളെ ക്ഷമയോടെ ഏറ്റെടുക്കുവാനും നമുക്കു കഴിയണം.

ചിന്നിചിതറിക്കിടന്ന അസ്ഥിക്കഷണങ്ങളെ കൂട്ടിയിണക്കി സൈന്യമാക്കി മാറ്റിയവനും, നിരാശയിലാണ്ട ക്രിസ്തുശിഷ്യർക്ക് പരിശുദ്ധാത്മാവിനെ അയച്ചു നവോത്ഥാനം നല്കിയവനുമായ ദൈവം, തന്നിലാശ്രയിച്ചു പരിശ്രമിച്ചാൽ നമുക്കും നവലോകം നല്കാതിരിക്കില്ല. എസക്കിയേലിന്റെ ദർശനത്തിലും ക്രിസ്തുവിന്റെ ഉത്ഥാനശേഷമുള്ള സഭയുടെ രൂപീകരണത്തിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നിറഞ്ഞുനില്ക്കുന്നുണ്ട്. നമ്മിലും പ്രവർത്തിക്കേണ്ടത് ദൈവാത്മാവാണ്.

പല ഘട്ടങ്ങളിലായി സമയമെടുത്താണു സഭ വളർന്നത്. 345 മുതൽ 1911 വരെ പരിശ്രമിച്ചിട്ടാണ് നമ്മുടെ സമുദായത്തിനു കോട്ടയം രൂപതയുണ്ടായത്. അതുവരെ നമ്മുടെ കാരണവന്മാർ പ്രാദേശിക തലങ്ങളിൽ ഏക മനസ്സോടെ വൈദിക നേതൃത്വത്തിൽ പള്ളികൾ തീർത്തും സ്വന്തം ഇടവക സംവിധാനത്തിൽ മക്കളെ വളർത്തി. അവർ സഭാപരമായി വൻ ശക്തിയായപ്പോൾ വിശുദ്ധ പത്താം പീയൂസ് മാർപാപ്പ രൂപതയാക്കി ഉയർത്തി.

നാമും പ്രാദേശിക തലങ്ങളിൽ വൈദികരും അത്മായരും ചേർന്ന് ഐക്യത്തോടെ പള്ളികൾ തീർത്ത് ഇടവക കേന്ദ്രീകൃതമായി വളരുമ്പോൾ, നമ്മുടെ ആഗ്രഹമറിയുന്ന ദൈവം നമ്മെ പ്രത്യാശയുടെ വാഗ്ദത്തഭൂമിയിലെത്തിക്കും. അതിനായി പ്രാർത്ഥിക്കാം, പരിശ്രമിക്കാം. ഈസ്റ്ററിന്റെ ആശംസകൾ ഏവർക്കും നേർന്നുകൊണ്ട്,

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

### നുറുങ്ങുവെട്ടം

**ദോഷൈക ദൃക്കുകൾക്ക് ലക്ഷ്യത്തിലെത്താനാവില്ല. റിസ്ക്കെടുക്കുവാൻ തയ്യാറാകുമ്പോൾ ലക്ഷ്യം സമീപസ്ഥമാകും.**



### WEDDING BANNS

© J. S. Paluch Co., Inc.

Shybu son of Mathew and Mary Kizhakkekuttu (Thamarakkatt), Chicago with Sini daughter of Cherian and Elsamma Kallelumannil (Ranni), Chicago to be held on March 30, 2008. (3/3).

# ഷിക്കാഗോ ക്നാനായക്കാരെ പ്രതി സ്വർഗ്ഗം സന്തോഷിച്ച സായാഹ്നം



ജോസ് താഴത്തുവെട്ടത്ത്

മാർച്ച് ഒന്നാം തീയതി നടന്ന നമ്മുടെ കുട്ടികളുടെ ബൈബിൾ അധിഷ്ഠിത നൃത്തങ്ങളും സമുദായാംഗങ്ങളുടെ ഐക്യവും കണ്ടിട്ട് ക്രിസ്തുനാഥൻ സ്വർഗ്ഗവാസികളോടു സന്തോഷത്തോടെ പറഞ്ഞിട്ടുണ്ടാകും, "ഷിക്കാഗോയിലെ ക്നാനാക്കാർ ഇന്നു അനുഗ്രഹീതരായിരിക്കുന്നു"വെന്ന്. ഇങ്ങനെ ചിന്തിക്കുവാൻ രണ്ടു കാരണങ്ങളുണ്ട്: ഒന്ന്, രണ്ടു ഗ്രൂപ്പായി പെരുമാറിക്കൊണ്ടിരുന്ന തിരുഹൃദയ പള്ളിയോടു സഹകരിക്കുന്നവരും സെന്റ് മേരീസ് യൂണിറ്റുകാരും അഭിപ്രായ വ്യത്യാസങ്ങൾ മാറ്റി വച്ച് ഒന്നായ സായാഹ്നം. രണ്ട്, നമ്മുടെ ആത്മീയ പിതാവായി തിരുസഭ നിശ്ചയിച്ച അഭിവന്ദ്യ അങ്ങാടിയാത്തു പിതാവ് നാമെല്ലാവരോടുമൊപ്പം മണിക്കൂറുകൾ ചിലവഴിച്ച് നമ്മുടെ കുഞ്ഞുങ്ങളെ അനുഗ്രഹിച്ച സന്ദർഭം. ഈ കാരണങ്ങളാൽ നാം ദൈവത്തിന്റെ പ്രീതിയ്ക്കു കാരണമായെന്നു തീർച്ചയാണ്. ഇതിനായി തങ്ങളുടെ സമയവും കഴിവുകളും ചെലവഴിച്ച കുട്ടികളും മാതാപിതാക്കളും പരിശീലകരും അഭിനന്ദനാർഹരാണ്.

കത്തോലിക്കാ വിശ്വാസിയ്ക്കു ദൈവം കഴിഞ്ഞാൽ രണ്ടു പിതാക്കന്മാരാണുള്ളത്. നമുക്കു ജന്മം നല്കിയ പിതാവും നമ്മുടെ ആത്മീയ പിതാവും. ഇതിൽ ആദ്യത്തെ പിതാവ് ആരാലും മാറ്റപ്പെടാനാവാത്ത വ്യക്തിയാണ്. എന്നാൽ അത്മീയ പിതാവ് പല കാരണങ്ങളാൽ മാറ്റപ്പെടാം. ഉദാഹരണത്തിന്, സ്ഥലം മാറ്റം ആവശ്യമാവുകയോ, സഭയിൽ ഉയർന്ന സ്ഥാനം ലഭിക്കുകയോ, പ്രായ പരിധി കഴിയുകയോ, ഇഹലോക വാസം വെടിയുകയോ ചെയ്താൽ മറ്റൊരു ആത്മീയ പിതാവിനെ സഭാധികാരികൾ നിയോഗിക്കും. ഇപ്രകാരം നിയോഗിക്കപ്പെടുന്ന ആളെ തങ്ങളുടെ സ്വന്തം പിതാവായി അംഗീകരിക്കുവാൻ വിശ്വാസികൾ ബാധ്യസ്ഥരാണ്.

അമേരിക്കയിലെ ക്നാനായ കുടിയേറ്റക്കാരായ നമുക്ക് സഭാധികാരികൾ ഇപ്പോൾ നിയോഗിച്ചിരിക്കുന്ന പിതാവ് മാർ ജേക്കബ് അങ്ങാടിയാത്താണല്ലോ. ഈ കാര്യം കോട്ടയത്തെ പിതാക്കന്മാർ പല ആവർത്തി നമ്മെ ഓർമ്മിപ്പിച്ചിട്ടുള്ളതാണ്. അതിനാൽ നാമെല്ലാവരും അദ്ദേഹത്തെ നമ്മുടെ പിതാവായി സ്വീകരിക്കുവാൻ ബാദ്ധ്യസ്ഥരാണ്.



Reception to Mar Jacob Angadiath to the festival. His involvement with our children has been a great boost to our Religious Education Schools.

ഒരിക്കൽ ക്രിസ്തുനാഥൻ തന്റെ ശിഷ്യരോടു പറഞ്ഞു: "നിങ്ങൾ പ്രാവുകളെപ്പോലെ നിഷ്കളങ്കരും സർപ്പത്തെപ്പോലെ വിവേകികളുമായിരിക്കുവിൻ" എന്ന്. ഈ നിഷ്കളങ്ക സ്നേഹവും വിവേകവും ഇന്നു നാം കാണിക്കണം. ക്നാനായ കത്തോലിക്കർ വസിക്കുന്ന എല്ലാ പ്രദേശങ്ങളിലും നമുക്കു ദൈവാലയങ്ങളും കമ്മ്യൂണിറ്റി സെന്ററുകളും സ്ഥാപിക്കണം. നമുക്കു ക്നാനായ ഇടവകകൾ സ്ഥാപിച്ച് ക്നാനായ വൈദികരെ അവയുടെ അജപാലകരാക്കണമെന്ന് പരിശുദ്ധ സിംഹാസനം തന്നെ അങ്ങാടിയാത്തു പിതാവിനോടു നിർദ്ദേശിച്ചിട്ടുണ്ടല്ലോ. നമ്മുടെ ദൈവാലയങ്ങളുടെയും വൈദികരുടെയും എണ്ണം കൂടുമ്പോൾ നമ്മുടെ സഭാപരമായ വളർച്ച പരിഗണിച്ച് നമുക്കു സ്വന്തമായ ക്നാനായ രൂപതയും ക്നാനായ മെത്രാനും ലഭിക്കണമെന്ന് ന്യായമായും സഭാ നേതൃത്വത്തോട് അഭ്യർത്ഥിക്കാവുന്നതാണ്.

അതിനാൽ പരസ്പരം വാക്കുതർക്കങ്ങളിലൂടെ വികസനം മുടക്കാതെയും അതിനിടയിൽ കുഞ്ഞുങ്ങളെ സമുദായത്തിൽനിന്നു നഷ്ടപ്പെടുത്താതെയും ഐക്യത്തോടെ സഭാവളർച്ചയ്ക്കായി പരിശ്രമിക്കാം. ദൈവത്തിന്റെ കരുണയും പരിപാലനയും അപ്പോൾ നമ്മിലും നമ്മുടെ വരും തലമുറകളിലും സംലഭ്യമാകും.



Bishop Mar Jacob Angadiath along with Fr. Jose Njazhiyampara, Fr. Abraham Mutholath and Fr. Tomy Vattukulam blessing our children with a prayer at the beginning of the Religious Education Festival 2008.


**SACRED HEART KNANAYA CATHOLIC PARISH**

**MARRIAGE PREPARATION COURSE**

**Dates: April 11th 6:00 P.M. to 13th 6:00 P.M.**
**Coordinator: Tonny Pullappally (630) 205-5078**
**Register Early to ensure your admission.**

# ANNUAL RETREAT PHOTOS











*(Continued from page 1)*

In December 1936 she was reportedly cured from her ailments through the intervention of Saint Thérèse of Lisieux and Blessed Kuriakose Elias Chavara, but on June 14, 1939 she was struck by a severe attack of double-pneumonia, which left her weakened. On October 18, 1940, a thief stumbled into her room in the middle of the night. This traumatic event caused her to suffer amnesia, and weakened her again.

Her health continued to deteriorate over a period of months. She received extreme unction on September 29, 1941. The next day she regained her memory, though not complete health. Her health improved over the next few years, until in July 1945 she developed a stomach problem that caused vomiting. She died on July 28, 1946, aged 35. She is buried at Bharananganam, South India in the Diocese of Palai

Her tomb in Bharananganam has become a pilgrimage site these days as miracles have reported by some devotees. The miracle attributed to her intercession and approved by Vatican for the canonization was the healing of club foot of an infant in 1999.

On December 2, 1953, Eugène-Gabriel-Gervais-Laurent Cardinal Tisserant inaugurated the diocesan process for her beatification. Pope John Paul II formally approved a miracle attributed to her intercession and Alphonsa was declared *Servant of God* on 9 July 1985 and she became known as Venerable Sister Alphonsa. She was beatified along with Kuriakose Elias Chavara at Kottayam.

ഷിക്കാഗോ സേക്രഡ് ഹാർട്ട് ക്നാനായ
ഇടവകയുടെ ധനശേഖരണാർത്ഥം
2008 ജൂൺ 7 ശനിയാഴ്ച വൈകുന്നേരം
6:00 ന് ഷിക്കാഗോ ഗേറ്റ്‌വേ തിയേറ്ററിൽ
(5216 W Lawrence Ave, Chicago, IL 60630)
അവതരിപ്പിക്കുന്നു:

# മണികിലുക്കം 2008

**Please contact**

**Shiju Cheriyathil**

**or**

**Binu Poothurayil**

**to become proud sponsor of this program.**




ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാര സ്മരണ



- ജോണി തെക്കേപ്പറമ്പിൽ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാര സ്മരണ



- ജോണി തെക്കേപ്പറമ്പിൽ



## Ushers at Sacred Heart

| March 22/23 | March 30 |
|---|---|
| **Easter Vigil Mass**<br>Tinu Paranjattu<br>Nirmal Maniparambil<br>Soumya Kulathilkarottu<br>Aniena Jimmy<br>Sindu Jimmy<br>**East Sunday Mass**<br>Jerry Poothakarry<br>Jeffin Chakkalackal | **Malayalam Mass**<br>Sherry Kulathilkarottu<br>Vinitha Padinjath<br>Kichu Maliackalthara<br>Tinu Parangattu<br>**English Mass**<br>Geo Chemmachel<br>Vimal Thottupurathu |

## READERS / LECTORS ഉയിർപ്പുകാലം

| March 22 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | Acts 10:34a, 37-43 | Tony Pullapally | No English Mass | Meyamma Vettikkattu |
| 2nd Reading | 1 Corinthians 5:6b-8 | Chinnamma Njaravelil | No English Mass | Saba Nedumchira |
| March 30 | | | | |
| 1st Reading | Acts 2:42-47 | Sheeba Mutholam | Thomas Paicattu | TBA |
| 2nd Reading | 1 Peter 1:3-9 | Pennamma Chakkalathottiyil | Chinnu Vachachira | TBA |

## CANONIZATON OF SR. ALPHONSA
## ROME AND HOLY LAND PILGRIMAGE

### PACKAGE 1 (Rome and Vatican)

October 9th from Chicago to Rome
October 10, 11, & 13 Sight seeing in Rome
October 12 Canonization of Blessed Alphonsa
October 14th Return trip to Chicago.

### PACKAGE 2 (Holy Land and Rome)

October 1 from Chicago to Amman
October 2 to 9 Bus trip to visit Biblical places in Jordan, Israel, Egypt, and Alexandria.
October 10 Cairo to Rome
October 10, 11, & 13 Sight seeing in Rome
October 12 Canonization of Blessed Alphonsa
October 14th Return trip to Chicago.
*(Dates are not finalized and subject to change).*

Visit includes 80% Biblical places * Fr. Abraham Mutholath will offer Holy Mass on most days * Travel in A/C Bus * Accommodation, buffet breakfast, and dinner in 3 star hotels * Total fare will be announced soon.

Please reserve your seats with the coordinators:
Joy Chemmachel: 1-312-560-1600
John Elakkatt 1– 773-272-1842
Gracy Vachachira 1-630-689-7984

## ദാനം ചെയ്തു നികുതി ഇളവു നേടൂ



നിങ്ങളുടെ ഉപയോഗിച്ച പഴകിയ വാഹനങ്ങൾ ഒഴിവാക്കുവാൻ ആഗ്രഹിക്കുമ്പോൾ അവ ഇടവകയുടെ പേരിലോ, ഇടവകയുടെ സാമൂഹ്യ സേവന വിഭാഗമായ അഗാപ്പെ മൂവ്മെന്റിന്റെ പേരിലോ സംഭാവന ചെയ്യുക. വാഹനങ്ങൾ നന്നാക്കിയ ശേഷം കുറഞ്ഞ വിലയ്ക്ക് ആവശ്യക്കാർക്കു നല്കുന്നതാണ്. അതിലൂടെ സ്വന്തമായി വാഹനം വാങ്ങുവാനാഗ്രഹിക്കുന്ന താഴ്ന്ന വരുമാനക്കാരെ സഹായിക്കുവാൻ കഴിയും. കൂടാതെ അതിലൂടെ ലഭിക്കുന്ന വരുമാനം നമ്മുടെ പള്ളിയ്ക്കു വേണ്ടിയോ നാട്ടിലെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു വേണ്ടിയോ ഉപയോഗിക്കുന്നതാണ്. നിങ്ങൾ സംഭാവന നല്കുന്ന വാഹനങ്ങൾക്ക് അവയുടെ നിയമാനുസൃത വിലയ്ക്കനുസരിച്ച് രസീത് ഐ.ആർ.എസിനുവേണ്ടി നല്കുന്നതാണ്.

നിങ്ങളുടെ വാഹനം സംഭാവന ചെയ്യുവാൻ തയ്യാറാകുമ്പോൾ ഈ പദ്ധതിയുടെ കോർഡിനേറ്റേഴ്സായ ജോയി ചെമ്മാച്ചേലോ സണ്ണി തെക്കേപ്പറമ്പിലോ ആയി ബന്ധപ്പെടുക.


**Gaanam**
**Videos & Photos**
**Edukkutharayil**
**Professional Touch with Latest Technology.**







*ANIL*
*Cell: 630-202-5969*
*Res: 847-827-7827*

*Best compliments from* *The Mutholath Family*

**Pro-Rehab Services, P.C.**



**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463
9518 W. 179th Street, Tinley Park, IL 60487
(708) 489 6PRS
*www.pro-rehabservices.com*

**Choicecare Home Health, Inc.**

**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
6400 College Dr. Suite 100, Palos Heights, IL 60463
(708) 489-0123, *www.choicecarehh.com*

Medicare Certified, most insurance accepted.

**COMPUTER SERVICE & SUPPORT**
*Home/Office service & Network*
*CALL FOR DETAILS*
Saju Chemmalakuzhy
Cell.224-392-0687
Sajuchemmalakuzhy@gmail.com
*MS Certified since 1997*

**Professional with 11 years experience in catering.**

YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out

Call
**WILLIAM GEORGE**
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

*We put our money where our mouth is*



Citywide Mortgage of America Corp.
Jimmy Thomas Kollappallil
Cell: (847) 814-3949
Off: (773) 202-2600
Fax: (773) 202-2605
Email:jimmy@citywidema.com

Free Refinanceing !!!!!
Loan amount up to 100%
No credit, Poor credit - No Problem !
buy new home/investment property

ക്രെഡിറ്റ് ഇല്ലേ ... സാരമില്ലാ
ക്രെഡിറ്റ് മോശം ... സാരമില്ലാ
100% ലോൺ നൽകപ്പെടും
പുതിയ വീട് വാങ്ങണം...
ഉടൻ വിളിക്കൂ (847) 814-3949

COLDWELL BANKER



**MARTIN & MARBRY**
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: **Zachariah Chacko (Zach)**
(A Friendly Realtor)

**Find out how much your dream home is worth today?**
**4632 W. Church St., Skokie, IL 60076**
**(847) 677-1200 (Business)**
**(847) 551-7386 (Pager)**
**(847) 374-5031 (Voice Mail)**
EQUAL HOUSING LENDER

**ROYAL TRAVEL SERVICE**
**3423 W. LAWRENCE AVE, ROOM #5, CHICAGO, IL 60625**
**TEL: (773) 509-9600, FAX: (773) 509-1196**
***KUWAIT AIRWAYS * AIR INDIA * MALAYSIAN * SWISS AIR * BRITISH AIRWAYS * LUFTHANSA AIR FRANCE * KLM * SINGAPORE AIR, ETC.,**
**YOUR KNANAYA TRAVEL AGENCY**
**CONTACT: JOSE KORATTIYIL, JAY KALAYIL, CHERIAN VENKADATHU**

